# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### <u>വിളവെടുപ്പുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3014**

03.04.2013 ൽ മറുപടിക്ക്

ചോദ്യം. | ഉത്തരം.

| | | | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ വിവിധ വിള വെടുപ്പുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെ ടുത്തുന്ന കാര്യം പരിഗണനയി ലുണ്ടോ; | (എ) | കേന്ദ്രസർക്കാരാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. |
| (ബി) | എങ്കിൽ നാളിതുവരെ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഈ സാമ്പത്തിക വർഷം ആയത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരി ക്കുമോ ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ലെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. പട്ടികയിലെ 16-ാമത്തെ ഇനമായി, സംസ്ഥാന സർക്കാരുമായി ആലോചിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു പ്രവൃത്തിയും ഏറ്റെടുക്കാ വുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നെൽകൃഷിയുമായി ബന്ധപ്പെട്ട് കൊയ്ത്തുൾപ്പെടെയുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത ഇനമായി ഉൾപ്പെടുത്തണമെന്നാവ ശ്യപ്പെട്ട് കേന്ദ്രസർക്കാരിന് ഒന്നിലധികം തവണ നിർദ്ദേശം സമർപ്പിച്ചിട്ടു ണ്ടെങ്കിലും അനുകൂല നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ